പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 50 — 09/02/2016-ൽ മറുപടിക്ക്

# ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ :<br>,, മോൻസ് ജോസഫ് :<br>,, റ്റി.യു. കുരുവിള :<br>,, സി.എഫ്.തോമസ് : | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വിവിധ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.<br>• വിദ്യാഭ്യാസപരമായി പട്ടികവർഗ്ഗ വിഭാഗത്തിന് പുരോഗതി കൈവരിക്കാനാകുന്നുവെന്ന് വിവിധ യോഗ്യത നേടുന്നവരുടെ എണ്ണം തെളിയിക്കുന്നു.<br>• ഭൗതിക പശ്ചാത്തല മേഖലകളിലും സാമ്പത്തിക മേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി വാസയോഗ്യമായ വീട് സഞ്ചാര യോഗ്യമായ റോഡ്, പാലം, വൈദ്യുതീകരണം, കുടിവെള്ളം എത്തിക്കൽ കമ്മ്യൂണിറ്റി ഹാൾ, സഹായി സെൻ്ററുകൾ, തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും സ്വയം തൊഴിൽ പദ്ധതികളും വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കുവാനായിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതവും പുരോഗതിയും ചുവടെ ചേർത്തിരിക്കുന്നു. |

| വർഷം | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി വിഹിതം (ലക്ഷം രൂപ) | പദ്ധതി പുരോഗതി (ലക്ഷം രൂപ) | ശതമാനം |
|---|---|---|---|
| 2011-12 | 16263.02 | 15316.76 | 94.18 |
| 2012-13 | 19650.76 | 19500.21 | 99.23 |
| 2013-14 | 29980.1 | 29092.21 | 97.04 |
| 2014-15 | 46449.2 | 40922.4 | 88.1 |
| 2015-16 (31.1.2016) | 46366.34 | 31958.59 | 68.93 |

| | | | |
|---|---|---|---|
| | | | ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>• കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ് ഇൻ എയിഡ് അണ്ടർ ആർട്ടിക്കിൾ 275 (1), പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികോന്നമന പരിപാടികൾക്കും സമഗ്ര വികസനത്തിന് ഉതകും വിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• **'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി:-** പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 524 ഗുണഭോക്താക്കൾക്ക് 184.901 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.<br>• **സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി;-** 2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവന രഹിതരും ഭവന നിർമ്മാണത്തിന് സ്ഥലസൗകര്യമുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതിൽ മുഴുവൻ പേർക്കും മിഷൻ 676 പദ്ധതിയിലൂടെ വിവിധ പദ്ധതികൾ വഴി വീട് അനുവദിച്ച് (വീട് ഒന്നിന് 3.50 ലക്ഷം രൂപ നിരക്കിൽ) ഭവന നിർമ്മാണ പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു.<br>• **ഹാംലെറ്റ് വികസന പദ്ധതി:-** പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളേയും മുൻനിർത്തി 2013-14 വർഷം മുതൽ നാളിതുവരെ 47 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയ്ക്കും 100 ലക്ഷം രൂപ ചെലവിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>• **നബാർഡ്:-** പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 189 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയ 181.71 കോടി രൂപയിൽ മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | • **ജനനി ജന്മ രക്ഷ:-** 2013-14 വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിൽ ഗർഭിണിയായി മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് വരെ (18 മാസത്തേയ്ക്ക്) പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. നാളിതുവരെ 11850 പേർക്ക് ടി സഹായം ലഭിച്ചു.<br>• സമഗ്ര ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ചികിൽസാ ധനസഹായം നൽകി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവയും നടപ്പിലാക്കി വരുന്നു.<br>• സിക്കിൾസെൽ അനീമിയ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിരുന്നത് 01.01.2016 മുതൽ 2000/- രൂപയായി വർദ്ധിപ്പിച്ചു. നാളിതുവരെ 593 പേർക്ക് ധനസഹായം നൽകിവരുന്നു.<br>• മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ.എസ്/ആശ്രമ സ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നടപ്പിലാക്കിവരുന്നു.<br>• **ഗോത്ര സാരഥി:-** 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 30,000 കുട്ടികൾക്ക് യാത്രാ സൗകര്യം നൽകിവരുന്നു.<br>• പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്തു വരുന്നു. നാളിതുവരെ 979 കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>• **കൈതാങ്ങ്:-** 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 979 കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>• **എ.റ്റി.എസ്.പി:-** 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 14 ബ്ലോക്ക്/പഞ്ചായത്തുകളിലെ 89 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 13575 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br>• 2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 65 കോടി രൂപ ചെലവിൽ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ<br><br>പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി 148.00 കോടിയും കൺസർവേഷൻ കം ഡെവലപ്മെന്റ് പ്ലാൻ (സി.സി.ഡി) പദ്ധതി വഴി ലഭിച്ച 12 കോടി രൂപ ഉൾപ്പെടെ 160 കോടി രൂപ ചെലവഴിച്ച് 2018 പേർക്ക് ഭവന നിർമ്മാണം ഉൾപ്പെടെ വിവിധ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പൂർത്തീകരണ വേളയിലാണ്. |
| (ബി) | ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പട്ടികവർഗ്ഗക്കാർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെങ്കിലും ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം കൂടി സാധ്യമാക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയോജിത പ്രവർത്തനം പ്രാബല്യത്തിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ആദിവാസികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുമായി യോജിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ